ബി.എ. മലയാളം
സെമസ്റ്റർ 6 കോർ കോഴ്സ്

കോഴ്സ് കോഡ്:ML6CRT12.

1.മലയാളവ്യാകരണം പരാമർശിക്കപ്പെടുന്ന ഏറ്റവും പ്രാചീനമായ കൃതിയേതാണ്?

(A. കേരളപാണിനീയം B. ലീലാതിലകം C.പാണിനീയം D.തൊൽക്കാപ്പിയം)

2. ശബ്ദസൗഭഗം എഴുതിയതാരാണ്?

(A.ഫാ.ജോൺ കുന്നപ്പള്ളി B.ജോർജ് മാത്തൻ C.ഏ.ആർ.രാജരാജവർമ്മD.കെ.എസ്.നാരായണപിള്ള)

3.. കേരളപാണിനീയത്തിൽ വർണത്തിനു സമാനാർഥകമായി ഉപയോഗിക്കാത്ത പദം ഏതാണ്?

(A.ഉച്ചാരണം B. ശബ്ദം C. ധ്വനി D. അക്ഷരം)

4. സ്വയം ഉച്ചാരണക്ഷമങ്ങളായ വർണങ്ങൾ ഏവ?

(A.വ്യഞ്ജനം B. സ്വരം C. അക്ഷരങ്ങൾ B. ഇവയൊന്നുമല്ല )

5. "വ്യാകരണമിത്രം " രചിച്ചതാരാണ്?

(Aഏ.ആർ.രാജരാജവർമ്മ B.ശേഷഗിരിപ്രഭു C. ജോർജ് മാത്തൻ D. ഇവരാരുമല്ല)

6. ലീലാതിലകത്തിൻ്റെ രചനാകാലമായി കണക്കാക്കുന്നത് ഏതാണ്? (A.15-ാം നൂറ്റാണ്ട് B. 14-ാം നൂറ്റാണ്ടിൻ്റെ അവസാനം C.13-ാം നൂറ്റാണ്ട് D. ഇതൊന്നുമല്ല )

7. കേരളപാണിനീയം പ്രസിദ്ധീകരിച്ച വർഷമേതാണ്?

(A. 1896 B .1895 C .1897 D.1917)

8.കാരികരീതിയിൽ വ്യാകരണമെഴുതിയതാരാണ്?

(A.ഏ.ആർ.രാജരാജവർമ്മ B.ശേഷഗിരിപ്രഭു C. ജോർജ് മാത്തൻ D. ഇവരാരുമല്ല)

9.ലീലാതിലകത്തിൽ മലയാള ഭാഷയെ കുറിക്കാൻ ഉപയോഗിക്കുന്ന പദമേതാണ്? -

(A.കേരള ഭാഷ B. മലയാളം C. കൊടുംതമിഴ് D. ഇതൊന്നുമല്ല )

10.സ്വരവും സ്വര സമ്മിളിതവുമായ വ്യഞ്ജനങ്ങളുമാണ് - - - - - - - .. (പൂരിപ്പിക്കുക)

(A. വർണങ്ങൾ B. ധ്വനി C.അക്ഷരങ്ങൾ D. ഇതൊന്നുമല്ല )

11. ഭാഷാശബ്ദങ്ങൾക്കുള്ള ചിഹ്നമാണ് ------- ( പൂരിപ്പിക്കുക)

(A. ലിപി B. ധ്വനി C.അക്ഷരങ്ങൾ D. ഇതൊന്നുമല്ല )

12. മലയാള ഭാഷയുടെ ലിപി ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?(A.വർണ ലിപി B. അക്ഷര ലിപി C. രണ്ടുംD. ഇതൊന്നുമല്ല )

13. ഭാരതീയഭാഷകളുടെ പൂർവലിപി ഏതാണ്?

(A. ബ്രാഹ്മി B. ആര്യ എഴുത്ത് C.വട്ടെഴുത്ത് D. ഇതൊന്നുമല്ല )

14. താഴെപ്പറയുന്നവയിൽ വർഗാക്ഷ രമേതാണ്?

(A. ഴ B. റ C. ള D.മ)

15. താഴെപ്പറയുന്നവയിൽ കണ്ഠ്യവർണമേതാണ്?

(A. ക, B.സ C.ഫ D. ത)

16."ഹ" ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?

(A. ഘോഷംB. ഘോഷി C. ദന്ത്യം D. ഇതൊന്നുമല്ല )

17. താഴെപ്പറയുന്നവയിൽ ഊഷ്മാവല്ലാത്തതേതാണ്?

(A. ശ B. ഷ C സ D ധ)

18. ദ്രാവിഡമധ്യമത്തിൽ ഉൾപ്പെടാത്തത് ഏതാണ്?

(A. ള B. യ C. ഴ D. റ )

19. ദന്ത്യവർണമേതാണ്?

(A. പ B. ശ C ത D ഇതൊന്നുമല്ല )

20. ------ എന്നാൽ ശ്വാസത്തെ വെളിയിലേക്കു വിടുന്നതിൻ്റെ മാതിരി ഭേദമെന്നർഥം.

(A. കരണവിഭ്രമംB. അനുപ്രദാനംC. സംസർഗം D. ഇതൊന്നുമല്ല )

21. അസ്പൃഷ്ടത്തിൽ ഉൾപ്പെടുന്നത് ഏതാണ്?

(A. വർഗാക്ഷരങ്ങൾ B. ഊഷ്മാക്കൾ C. ദ്രാവിഡമധ്യമങ്ങൾ D. ഇതൊന്നുമല്ല )

22. അനുനാസികവർണങ്ങൾക്കു കാരണമാകുന്ന ശ്രുതിഭേദോപാധി ഏതാണ് ?

(A. കരണവിഭ്രമം B. അനുപ്രദാനം C. മാർഗഭേദം D. ഇതൊന്നുമല്ല)

23.ഉച്ചാരണസ്ഥാനത്തിൽ ഉൾപ്പെടാത്തത് ഏതാണ്?

(A. കണ്ഠം B. താലു C. ഓഷ്ഠം D. ജിഹ്വ)

24. മധ്യമവർണങ്ങളുടെ എണ്ണം മലയാള ഭാഷയിൽ എത്രയാണ്?

(A. 25 B. 4 C.7 D 2)

25. ഏതു വർണങ്ങളുടെ ഉച്ചാരണത്തിലാണ് നിശ്വാസവായുവിന് തടസ്സമുണ്ടാകാത്തത്?

(A.വ്യഞ്ജനങ്ങൾ B.സ്വരങ്ങൾ C.അനുനാസികങ്ങൾ D. ഇതൊന്നുമല്ല )

26. സ്പർശവർണങ്ങളുടെ അനുപ്രദാനം ഏതാണ്?

(A. മധ്യമം B. ഈഷൽസ്പൃഷ്ടം C. നേമസ്പൃഷ്ടം D. സ്പൃഷ്ടം)

27. കരണവിഭ്രമത്തിലെ കരണം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

(A. നാക്ക് B. ചുണ്ട് C. മൂക്ക് D. ഇതെല്ലാം )

28. ശ്വാസിനാദിഭേദത്തിനു കാരണമായ ശ്രുതിഭേദോപാധി ഏതാണ്?

(A. അനുപ്രദാനം B. മാർഗഭേദം C.കരണവിഭ്രമം D.ഇതൊന്നുമല്ല )

29.അനനുനാസികത്തിൽ ഉൾപ്പെടാത്തത് ഏതാണ്?

(A.ഹ B. മ C.ന D.ങ)

30. ലോപശ്ച എന്ന സൂത്രത്തിൽ ഏതു വർണത്തിൻ്റെ ലോപമാണ് പറയുന്നത്?

(A. ഊഷ്മാക്കൾ B സംവൃതോകാരം C. സ്വരങ്ങൾ D. ഇതൊന്നുമല്ല )

31. അധികാക്ഷരനിരൂപണം ലീലാതിലകത്തിലെ എത്രാമത്തെ ശില്പത്തിലാണ്?

(A. ഒന്നാമത്തെ B. മൂന്നാമത്തെ C. രണ്ടാമത്തെ D.നാലാമത്തെ )

32. സംവൃതോകാരത്തെക്കുറിച്ച് ആദ്യം പരാമർശിച്ച വൈയാകരണൻ ആരാണ്?

(A. കേരളപാണിനി. B.ലീലാതിലകകാരൻ C.ശേഷഗിരിപ്രഭു D.ഗുണ്ടർട്ട്)

33. അരയുകാരം എന്ന് സംവൃതോകാരത്തെ വിളിച്ച വൈയാകരണൻ ആരാണ്?

(A. കേരളപാണിനി B.ലീലാതിലകകാരൻ C.ശേഷഗിരിപ്രഭു D.ഗുണ്ടർട്ട്)

34. സ്വരസഹായം കൂടാതെ തനിയെ നിൽക്കുന്ന വ്യഞ്ജനങ്ങളാണ് ------ (പൂരിപ്പിക്കുക)

(A. ഊഷ്മാക്കൾ B. ദന്ത്യങ്ങൾ C. ചില്ലുകൾ D. കൂട്ടക്ഷരങ്ങൾ )

35. താഴെ കൊടുത്തിരിക്കുന്ന വർണങ്ങളിൽ ചില്ലായി വരാത്തത് ഏതാണ്?
(A. ന B. യ C. ണ D. സ )

36. ഗുണ്ടർട്ട് അർധാക്ഷരം എന്ന് വിളിച്ചത് എന്തിനെയാണ്?

(A. ഊഷ്മാക്കൾ B. ദന്ത്യങ്ങൾ C. ചില്ലുകൾ D. കൂട്ടക്ഷരങ്ങൾ

37. വർത്സ്യവർഗത്തിൽ എത്ര വർണങ്ങളുണ്ട്?

(A. ഒന്ന് B. രണ്ട് C. മൂന്ന് D. അഞ്ച്)

38. വർണങ്ങൾ തമ്മിൽ ചേരുമ്പോൾ അവയ്ക്കുണ്ടാകുന്ന വികാരത്തിന് പറയുന്ന പേരെന്താണ്?

(A. വർണവികാരം B. വർണമാറ്റം C.സന്ധി D. സമാസം)

39. പന + നാര് = പനനാര് എന്നതിൽ വർണങ്ങളുടെ ചേർച്ചയുണ്ടെങ്കിലും വർണമാറ്റമില്ല. വർണമാറ്റമില്ലാതെയുള്ള വർണങ്ങളുടെ ചേർച്ചയ്ക്ക് പറയുന്ന പേരെന്ത്?

(A.സംഹിത B.സന്ധി C. വർണ വികാരം D. ഇതൊന്നുമല്ല )

40. മലയാള ഭാഷയുടെ രൂപീകരണം സംബന്ധമായി ആറു നയങ്ങൾ അവതരിപ്പിച്ച വൈയാകരണൻ ആരാണ്?

(A. കേരളപാണിനി B.ലീലാതിലകകാരൻ C. ശേഷഗിരിപ്രഭു D. ഗുണ്ടർട്ട്)

41. സംഹിതയാൽ ഉണ്ടാകുന്ന വർണങ്ങളുടെ ഉച്ചാരണഭേദമാണ് ....... (പൂരിപ്പിക്കുക)

(A.സംഹിത B.സന്ധി C. വർണ വികാരം D. ഇതൊന്നുമല്ല )

42. വ്യാകരണവിവേകം രചിച്ചതാരാണ്?

(A. ജോൺ കുന്നപ്പള്ളി B. ഏ.ആർ. രാജരാജവർമ്മ C.എൻ.എൻ.മൂസ്സത് D. ഇവരാരുമല്ല)

43. സന്ധിയിൽ ഉണ്ടായിത്തീരുന്ന സകല വർണവികാരങ്ങളുടെയും അടിസ്ഥാനം എന്താണെന്നാണ് ഏ.ആർ.രാജരാജവർമ്മ പറയുന്നത്?

(A. ഉച്ചാരണസൗകര്യം B. ഉച്ചാരണവികാരം C.വിനിമയസൗകര്യം D.ഇതൊന്നുമല്ല )

44 കേരളപാണിനീയഭാഷ്യം രചിച്ചതാരാണ്?

(A. ജോൺ കുന്നപ്പള്ളി B. ഏ.ആർ. രാജരാജവർമ്മ C.എൻ.എൻ.മൂസ്സത് D.സി.എൽ.ആൻ്റണി)

45. താഴെപ്പറയുന്നതിൽ പദമധ്യസന്ധിയേതാണ്?

(A. വാഴ+ കുല= വാഴക്കുല B .തല + ഇൽ = തലയിൽ C. മണി + അറ= മണിയറ D ഇതെല്ലാം )

46. താഴെപ്പറയുന്നതിൽ സ്വരസന്ധിയേതാണ്?

(A. വാഴ+ കുല = വാഴക്കുല B. തീ+ പെട്ടി = തീപ്പെട്ടി C. തിരു + ഓണം = തിരുവോണം D. മയിൽ + ആട്ടം = മയിലാട്ടം)

47. ലീലാതിലകം എത്ര സൂത്രങ്ങളിലൂടെയാണ് സന്ധിവിഭാഗങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്?

(A.29 B. 28 C. 27 D.30)

48. ലീലാതിലകത്തിൽ പരിഗണിക്കാത്ത വിഭാഗം ഏതാണ്?

(A. സ്വരസന്ധി B.സ്വര വ്യഞ്ജനസന്ധി C. വ്യഞ്ജനസന്ധിD. വ്യഞ്ജനസ്വര സന്ധി)

49. ലോപം, ആഗമം, ആദേശം, ദ്വിത്വം എന്നീ വിഭജനങ്ങൾക്ക് ആധാരമായ കാര്യമേതാണ്?

(A. വർണമാറ്റം B. വർണസ്ഥാനം C. പദമാറ്റം D. ഇതൊന്നുമല്ല )

50. സവർണാഗമസന്ധിക്ക് ഉദാഹരണമേതാണ്?

(A. ആഗമസന്ധി B. ദ്വിത്വസന്ധി C. ആദേശസന്ധി D. ലോപസന്ധി)

5I. ഒരു + ആൾ = ?

(A ഒരുവൾ B. ഒരാൾ C. ഒരുവാൾ D. ഇതൊന്നുമല്ല )

52. രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ അതിലൊന്നു പോയി അതിൻ്റെ സ്ഥാനത്ത് മറ്റൊരു വർണം വരുന്നതാണ് :- - - ( പൂരിപ്പിക്കുക)

(A. ആഗമസന്ധി B. ദ്വിത്വസന്ധി C. ആദേശസന്ധി D. ലോപസന്ധി)

53. ലോപാഗമസന്ധി എന്ന് കുട്ടികൃഷ്ണമാരാർ വിളിക്കുന്നത് ഏതു സന്ധിയെയാണ്?

(A. ആഗമസന്ധി B. ദ്വിത്വസന്ധി C. ആദേശസന്ധി D. ലോപസന്ധി)

54. അടുത്തടുത്തു വരുന്ന വിജാതീയ വർണങ്ങൾ സജാതീയമാകുന്ന പ്രക്രിയയ്ക്ക് പറയുന്ന പേരെന്താണ്?

(ആഗമസന്ധി B. ദ്വിത്വസന്ധി C. സ്വജാതീകരണം D. സവർണനം)

55. ല വർണം റ ആയും ള വർണം ട ആയും മാറുന്ന പ്രക്രിയയെ കേരളപാണിനി വിശേഷിപ്പിക്കുന്നതെങ്ങനെയാണ്?

(A. ഉന്നാമക്രിയ B. വിനാമക്രിയ C. സ്വജാതീകരണം D. സവർണനം)

56. ഒരർഥത്തെ കുറിക്കുന്നതിനായി വർണങ്ങൾ ചേർന്നുണ്ടാകുന്ന അക്ഷരക്കൂട്ടത്തെ വിളിക്കുന്ന പേരെന്താണ്?

(A. വർണം B. ധ്വനി C. ശബ്ദം D. അർഥം )

57. ഭാഷയിലെ ഏകാക്ഷര ശബ്ദങ്ങൾക്ക് ഉദാഹരണമല്ലാത്തത് ഏതാണ് ?

(A. തീ B. സ്ത്രീ C. നിൻ D. തരൂ )

58. പ്രയോഗിപ്പാൻ സജ്ജമായുള്ള ശബ്ദത്തിന് പറയുന്ന പേരെന്താണ്? (A. പ്രകൃതി B. ധാതു C. പദം D. അർഥം )

59. വാക്യത്തിനുള്ളിൽ സ്വതന്ത്രമായ ഒരു വ്യാകരണ രൂപവും സ്വതന്ത്രമായ ഒരർഥവുമുള്ള ശബ്ദത്തെ സി.എൽ. ആൻ്റണി വിളിക്കുന്ന പേരെന്താണ്?

(A. പ്രകൃതി B. ധാതു C. പദം D. അർഥം )

60. ദ്രവ്യത്തിൻ്റെ വാചകമായ ശബ്ദത്തിന് പറയുന്ന പേരെന്താണ്?

(A. ക്രിയ B. നാമം C. ഭേദകം D. ഇതൊന്നുമല്ല )

61. വാചകവിഭാഗത്തിൽ പെടാത്തത് ഏതാണ്?

(A. നാമം B. ക്രിയ C. ഭേദകംD. ദ്യോതകം )

62. സ്വന്തമായി അർഥമുള്ള ശബ്ദങ്ങൾക്ക് പറയുന്ന പേരെന്താണ്?

(A. വാചകം B. ദ്യോതകം C. ഭേദകം D. ഇതൊന്നുമല്ല )
63. "നാമാദിയാം വിഭാഗത്തി-

-നെല്ലാമർഥം നിയാമകം" എന്ന് അഭിപ്രായപ്പെട്ട വൈയാകരണൻ ആരാണ്?

( A.ഫാ.ജോൺ കുന്നപ്പള്ളി B.ജോർജ് മാത്തൻ C.ഏ.ആർ.രാജരാജവർമ്മ D.കെ.എസ്.നാരായണപിള്ള)

64. ശബ്ദത്തെ എത്ര വിഭാഗമായിട്ടാണ് തരംതിരിച്ചിരിക്കുന്നത്?

(A. രണ്ട് B. മൂന്ന് C. നാല് D. അഞ്ച് )
65. ഇംഗ്ലീഷിലെ proposition-ന് തുല്യമായ മലയാളത്തിലെ പദവിഭാഗം ഏതാണ്?

(A. ഘടകം B. വ്യാക്ഷേപകം C. ദ്യോതകം D. ഗതി)

66. വിഭക്തിയോട് ചേർന്നു നിൽക്കുകയും അർഥത്തെ പരിഷ്കരിക്കുകയും ചെയ്യുന്ന ദ്യോതകത്തിന് പറയുന്ന പേരെന്താണ്?

(A. ഘടകം B. വ്യാക്ഷേപകം C. ദ്യോതകം D. ഗതി)

67. "ഉം" ഏതു വിഭാഗത്തിൽ പെടുന്നു?

(A. വ്യാക്ഷേപകം B. സമുച്ചയ നിപാതം C. വികൽപ്പസമുച്ചയം D ഗതി)

68. സമാനരൂപങ്ങളുള്ള സജാതീയ പദങ്ങളെയും  സമാനഭാഗങ്ങളുള്ള വാക്യങ്ങളെയും ഒന്നാക്കിച്ചേർക്കുന്നതിന് ശേഷഗിരിപ്രഭു പറയുന്ന പേരെന്താണ്?

A. വ്യാക്ഷേപകം B. സമുച്ചയം C. വി കൽപ്പസമുച്ചയം D ഗതി)

69. സ്വന്തമായി വസ്തുക്കളെ കുറിക്കാതെ വിഭക്തികളെപ്പോലെ ബന്ധ സൂചന നൽകുന്നവയാണ് ------ (പൂരിപ്പിക്കുക)

(A. ഘടകം B. വ്യാക്ഷേപകം C. ദ്യോതകം D. ഗതി)

70.  വികല്പനിപാതമായി ഉപയോഗിക്കുന്ന ശബ്ദമേതാണ്?

(A. ഉം B.  ഓ  C. ഏ D. ഇതൊന്നുമല്ല )

71. ദൃഢവ്യഞ്ജനത്തിന് ഉദാഹരണമല്ലാത്തത് ഏതാണ്?

(A .ക  B. ഗ C. യ D. ശ)

72. സ്പർശങ്ങളെ ഉച്ചരിക്കുന്ന സന്ദർഭങ്ങളിൽ ഉച്ഛ്വാസവായുവിൻ്റെ ഒരു ഭാഗം നാസികയിൽക്കൂടി  സ്വതന്ത്രമാക്കിയാൽ ജനിക്കുന്ന ധ്വനികൾക്ക് പറയുന്ന പേരെന്താണ്?

(A. അനനുനാസികങ്ങൾ B. അനുനാസികങ്ങൾ C. നാസികങ്ങൾ D. ഇതൊന്നുമല്ല )

73. വാക്യത്തിൽ  കർത്തൃകർമ്മസ്ഥാനത്തു വരുന്നതും വിഭക്തി ലിംഗവചനപ്രത്യയങ്ങൾ സ്വീകരിക്കുന്നതുമായ ശബ്ദത്തെ പറയുന്ന പേരെന്ത്?

(A. കർത്താവ് B. ആഖ്യ C. നാമം D. ഇതൊന്നുമല്ല )

74.  കേരളപാണിനി നാമത്തിനു നൽകുന്ന വിഭാഗങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

(A. സർവനാമം B. ദ്രവ്യനാമം C. ക്രിയാനാമം D. ഗുണനാമം)

75. വ്യക്തിജാതിഭേദം കൽപ്പിക്കാൻ നിവർത്തിയില്ലാത്ത നാമങ്ങൾക്ക് പറയുന്ന പേരെന്താണ്?

(A. ദ്രവ്യനാമം B. സമൂഹനാമം C. മേയനാമം D. ഗുണനാമം)

76. ലിംഗം, വചനം എന്നിവയെക്കുറിക്കുന്ന പ്രത്യയങ്ങൾ ആദ്യം ചേർത്തു തുടങ്ങിയത് എന്തിനോടാണെന്നാണ് കേരളപാണിനി പറയുന്നത്?

(A. സർവനാമങ്ങൾ B. ചുട്ടെഴുത്തുകൾ C. സംജ്ഞാനാമങ്ങൾ D. ഇതൊന്നുമല്ല )

77. അ ,ഇ, ഉ, എ ഇവയ്ക്ക് വ്യാകരണത്തിൽ പറയുന്ന പേരെന്താണ്?

(A. ചുട്ടെഴുത്തുകൾ B. മൂലസ്വരങ്ങൾ C.മുഖ്യസ്വരങ്ങൾ D. ഇവയൊന്നുമല്ല )

78. തനിച്ചു നിൽക്കുമ്പോൾ അർഥമില്ലാതെയും ഒരു നാമത്തെ നിർദ്ദേശിച്ചിട്ടു മാത്രം അർഥമുള്ളതായി വരുന്നതുമായ ശബ്ദം എന്ന് ശേഷഗിരിപ്രഭു വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

(A. മേയനാമം B. ചുട്ടെഴുത്തുകൾ C. ദേദകങ്ങൾ D-സർവ നാമം )

79. കേരളപാണിനീയത്തിൽ പല വിഭാഗങ്ങളിലായി എത്ര സർവ നാമങ്ങളെക്കുറിച്ച് പറയുന്നുണ്ട്?

(A.18 B.19 C.17 D.16)

80. ഉത്തമസർവനാമം ഏതാണ്?

(A. നിൻ്റെ B. നിൻ C. അവൻ D. തൻ്റെ )

81. ഇന്ന എന്ന സർവനാമത്തിന് പറയുന്ന പേരെന്ത്?

(A. സർവവാചി B. സ്വവാചി C. നിര്ദ്ദിഷ്ടവാചി D. ഇതൊന്നുമല്ല )

82. പുരുഷൻ, സ്ത്രീ, നപുംസകം എന്നിങ്ങനെ പ്രകൃതിയിലുള്ള വിഭജനത്തിനാണ് വ്യാകരണത്തിൽ ---- എന്നു പറയുന്നത്? (പൂരിപ്പിക്കുക)

(A. ലിംഗം B. അലിംഗം C. വചനം D. ഇതൊന്നുമല്ല )

83. ബ്രാഹുയി, കുറുഖ്, ഗോണ്ട് എന്നീ ഭാഷകൾ ഏതു ഗോത്രത്തിൽ ഉൾപ്പെടുന്നു?

(A. ഇൻഡോ ആര്യൻ B.ദ്രാവിഡ ഗോത്രം C. ആസ്ത്രോഏഷ്യാറ്റിക് D.സീനോ ടിബറ്റൻ)

84. ഇ, അം, തു പ്രത്യയങ്ങൾ ഏതു വിഭാഗത്തിൽപ്പെടുന്നു?

(A. ലിംഗപ്രത്യയങ്ങൾ B. സർവനാമപ്രത്യയങ്ങൾ C. കാരകപ്രത്യയങ്ങൾ D. ഇതൊന്നുമല്ല )

85. സ്ത്രീലിംഗപ്രത്യയത്തിൽ ഉൾപ്പെടാത്തത് ഏതാണ്?

(A. ത്തി B. അൾ C. ച്ചി D. അൻ )

86. ദ്രാവിഡഭാഷകളിൽ വചനം എത്രയുണ്ട്?

(A. രണ്ട് B. ഒന്ന് C. മൂന്ന് 4. നാല്)

87. ഏകവചനം, അനേകവചനം എന്ന് വചനത്തെ വിഭജിക്കുന്നത് ഏതു ഗ്രന്ഥത്തിലാണ്?

(A. കേരളപാണിനീയം B. ശബ്ദസൗഭഗം C. കേരളപാണിനീയഭാഷ്യം D.ലീലാതിലകം)

88. ലിംഗപ്രത്യയം ചേർത്തോ ചേർക്കാതെയോ ഉള്ള ശബ്ദത്തിൻ്റെ സ്വന്തം രൂപം തന്നെ ഏകവചനം. ഈ പ്രസ്താവന ശരിയോ?

(A .തെറ്റ് B. ശരി C. ഭാഗികമായി തെറ്റ് D. ഏറെക്കുറെ )

89. മറ്റു പദങ്ങളുമായുള്ള ബന്ധം കുറിക്കുന്നതിന് നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്ക് പറയുന്ന പേരെന്താണ്?

(A. കാരകം B. ബന്ധസൂചിക C. വിഭക്തി D. ഇതൊന്നുമല്ല )

90. സംയോജികയുടെ പ്രത്യയം ഏതാണ്? (A. ൻ്റെ B. എ C. ൽ D ഒട്)

91.വിഭക്തികൾക്ക് പേരു നൽകിയ വൈയാകരണൻ ആരാണ്?

(A. പാണിനി B. കേരളപാണിനി C. ഗുണ്ടർട്ട് D. കാത്യായനൻ)

92. 'രാത്രി നടന്നാൽ ക്ഷീണം തോന്നുകയില്ല' എന്ന വാക്യത്തിൽ അർഥപരമായി കാണുന്ന വിഭക്തി ഏതാണ്?

(A. നിർദ്ദേശിക B സംബന്ധിക C. ആധാരിക D. ഇതൊന്നുമല്ല )

93. ഉദ്ദേശികയുടെ കാരകം ഏതാണ്?

(A. കർത്തൃകാരകം B. സ്വാമികാരകം C. കർമ്മകാരകം D. അധികരണ കാരകം)

94. ദിക്ക്, ദേശം, കാലം എന്നീ അർഥങ്ങൾ കൂടി വരുന്ന വിഭക്തി ഏതാണ്?

(A. ആധാരിക B. സംയോജിക C. ഉദ്ദേശിക D .നിർദ്ദേശിക)

95. ഇൽ, കൽ എന്നിവ ഏതു വിഭക്തിയുടെ പ്രത്യയങ്ങളാണ്?

(A. ആധാരിക B. സംയോജിക C. ഉദ്ദേശിക D .നിർദ്ദേശിക)

96. കാരകബന്ധത്തെ കാണിക്കാത്ത വിഭക്തി ഏതാണ്?

(A. ആധാരിക B. സംയോജിക C. ഉദ്ദേശിക D .സംബന്ധിക)

97. മിശ്രവിഭക്തിയിൽ വിഭക്തിയോട് ചേർന്നു വരുന്ന ശബ്ദമേതാണ്?

(A. ഗതി B. ഘടകം C. വ്യാക്ഷേപകം D. ഇതൊന്നുമല്ല )

98. "അവൾ മൂലം " ഏതുതരം വിഭക്തിയാണ്?

(A. മിശ്രവിഭക്തി B. മൂലവിഭക്തി C.സമാസവിഭക്തി D. ബന്ധ വിഭക്തി)

99. വിഭക്ത്യാഭാസത്തിൽ ഉൾപ്പെടാത്തത് ഏതാണ്?

(A. ഖിലം B. ലുപ്തം C. ലോപം D.ഇരട്ടിപ്പ്)

100.നാമങ്ങൾക്ക് ക്രിയയോടുള്ള സംബന്ധത്തിന് പറയുന്ന പേരെന്താണ്?

(A. വിഭക്തി B. കാരകം C. സംബന്ധം D. സംബന്ധിക)

101. അ, ആ ,ഇ, ഊ എന്നീ സ്വരങ്ങൾക്കു ശേഷം കചതപങ്ങൾ വന്നാൽ ഇടയ്ക്ക് അവയുടെ എന്ത് ആഗമിക്കുമെന്നാണ് വ്യാകരണം പറയുന്നത്?

(A. പഞ്ചമങ്ങൾ B. അനനുനാസികങ്ങൾ B. മൃദുക്കൾ C.ഘോഷങ്ങൾ)

102. ശിഷ്യർകൾ എന്തു തരംവചനമാണ്?

(A. ബഹുവചനം B. അലിംഗബഹുവചനം C.സലിംഗബഹുവചനം D. പൂജകബഹുവചനം)

103. കേരളപാണിനി എത്ര കാരകങ്ങളെക്കുറിച്ച് പറയുന്നുണ്ട്?

(A. ആറ് B. നാല് C .അഞ്ച് D. ഏഴ്)

104. ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്നിവ എന്തിനോട് ബന്ധപ്പെട്ടിരിക്കുന്നു?

(A.സംബന്ധിക B. സംയോജിക C. സംയോജിക D ആധാരിക)

105. രണ്ടു കർമ്മം വരുന്ന ക്രിയകൾക്ക് പറയുന്ന പേരെന്താണ്?
(A.ഗുണക്രിയ B. വിശിഷ്ടക്രിയ C.ഖിലധാതു D. കർമ്മക്രിയ)

106. കിട്ടുക ,ഉറങ്ങുക, വിശക്കുക എന്നീ ക്രിയകൾ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?

(A.നിഗീർണകർത്തൃകം B. സകർമ്മകങ്ങൾ C. അകർമ്മകങ്ങൾ D. വിശിഷ്ട ക്രിയകൾ)

107. നാമങ്ങളിൽനിന്നോ ഭേദകങ്ങളിൽനിന്നോ വ്യുൽപാദിപ്പിക്കുന്ന ശബ്ദങ്ങൾക്ക് പറയുന്ന പേരെന്താണ്?

(A. നാമധാതുക്കൾ B. തദ്ധിതങ്ങൾ C. കൃത്തുകൾ D. ഇതൊന്നുമല്ല )

108. ക്രിയാധാതുക്കളിൽനിന്ന് നിഷ്പന്നമാകുന്ന നാമങ്ങൾക്ക് പറയുന്ന പേരെന്താണ്?

(A. നാമധാതുക്കൾ B. തദ്ധിതങ്ങൾ C. കൃത്തുകൾ D. ഇതൊന്നുമല്ല )

109.തദ്വതദ്ധിതത്തിൻ്റെ പ്രത്യയം ഏതാണ്?

(A. അൻ. B .മ C. ആയ്മ D. തരം)

110. പുതുമ ഏതുതരം തദ്ധിതമാണ്?

(A. തദ്വതദ്ധിതം B. പൂരണിതദ്ധിതം C. നാമനിർമ്മായിതദ്ധിതം D .തന്മാത്രാതദ്ധിതം )

111. അതുള്ളത്, അതിലുള്ളത്, അവിടെ നിന്നു വരുന്നത്, അതിൽ നിന്നു ജനിക്കുന്നത് ഇത്യാദി അർഥങ്ങളെ കുറിക്കുന്ന തദ്ധിതം ഏതാണ്?

(A. തദ്വതദ്ധിതം B. പൂരണിതദ്ധിതം C. നാമനിർമ്മായി തദ്ധിതം D .തന്മാത്രാ തദ്ധിതം )

112. നാമനിർമ്മായിതദ്ധിതം താഴെപ്പറയുന്നവയിൽ എന്തിനോടെല്ലാം ബന്ധപ്പെട്ടിരിക്കുന്നു?

(A. പേരെച്ചം B. ആധാരികാഭാസം C. സംബന്ധികാവിഭക്തി D. ഇവ മൂന്നിനോടും )

113. ഗുണ്ടർട്ട് കൃതികൃത്തുകൾക്ക് നൽകിയിരിക്കുന്ന പേരെന്താണ്?

(A. ഭാവനാമങ്ങൾ B. ഭാവക്രിയകൾ C. കൃതി നാമങ്ങൾ D. ഇവയൊന്നുമല്ല )

114. അൽ, തൽ, പ്പു, വ, ച, തി എന്നിവ ഏതിൻ്റെ പ്രത്യയങ്ങളാണ്?

(A. നാമധാതുക്കൾ B. തദ്ധിതങ്ങൾ C. കൃത്തുകൾ D. ഇതൊന്നുമല്ല )

115. ക്രിയയുടെ നിർവചനം, വർഗീകരണം, രൂപനിഷ്പാദനം, കാലം, പ്രകാരം, പ്രയോഗം, നിഷേധം എന്നീ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗത്തിന് സാമ്പ്രദായിക വ്യാകരണത്തിൽ പറയുന്ന പേരെന്താണ്?

(A. ക്രിയാധികാരം B. ക്രിയാനിരൂപണം C. ധാത്വധികാരം D. ഇവയെല്ലാം )

116. ഫലാനുകൂലമായ വ്യാപാരമാണ് ------ (പൂരിപ്പിക്കുക)

(A. കൃത്ത് B. ആഖ്യാതം C. ക്രിയ D. പ്രവൃത്തി )

117.ക്രിയയുടെ വർഗീകരണത്തിൽ ബാധകമല്ലാത്തത് ഏതാണ് ?

(A. അർഥം B. പ്രകൃതി C. സ്വഭാവം D രൂപം)

118. അർഥമനുസരിച്ച് ക്രിയയെ എത്രയായി തിരിച്ചിരിക്കുന്നു?

(A. ഒന്ന് B. രണ്ട് C. മൂന്ന് D . നാല് )

119. ഗുണ്ടർട്ട് ബലക്രിയകൾ എന്ന് വിളിക്കുന്നത് എന്തിനെയാണ്?

(A. പ്രയോജകക്രിയകൾ B. കാരകക്രിയകൾ C കാരിതക്രിയകൾ D. അകാരിത ക്രിയകൾ)

120. മറ്റു പദങ്ങൾക്ക് കീഴടങ്ങാതെ നിൽക്കുന്ന ക്രിയയാണ് - - - - - (പൂരിപ്പിക്കുക)

(A. മുറ്റുവിന B. അപൂർണക്രിയ C. ബലക്രിയ D. പറ്റുവിന)

121. നാമത്തിൻ്റെ ഭാഗമായി വരുന്ന ക്രിയയാണ് ------ (പൂരിപ്പിക്കുക)

(A. വിനയെച്ചം B. പേരെച്ചം C. അപൂർണ ക്രിയ Dനാമധാതു)

122. "കടിക്കുന്ന" എന്ന പദം എന്തുതരം ക്രിയയാണ്?

(A. വിനയെച്ചം B. പേരെച്ചം C. അപൂർണ ക്രിയ D നാമധാതു )

123. "വന്നുപറഞ്ഞു" എന്നതിലെ വന്നു ഏതുതരം വിനയെച്ചമാണ്?

(A. മുൻവിനയെച്ചം B. പിൻവിനയെച്ചം C. തൻവിനയെച്ചം D. പാക്ഷികവിനയെച്ചം)

124. തൻവിനയെച്ചപ്രത്യയമേതാണ്?

(A. ഏ B. എ C. ആൻ D .ആൽ )

125. ധാതുവിനോട് ഇൽ, കൽ ,ഉകിൽ ഇവയിലൊന്ന് ചേർത്ത് സൃഷ്ടിക്കുന്ന വിനയെച്ചമേതാണ്?

(A. മുൻവിനയെച്ചം B. പിൻവിനയെച്ചം C. തൻവിനയെച്ചം D. പാക്ഷികവിനയെച്ചം)

126. കാലം എത്രവിധമുണ്ട്?

(A. മൂന്ന് B. രണ്ട് C. നാല് D. അഞ്ച്)

127. തൊഴു എന്നതിൻ്റെ ഭൂതകാല പ്രത്യയം ഏതാണ് ?

(A. ഇ B. തു C. ത് D. ഉം)

128. ശീലഭാവിയുടെ പ്രത്യയം ഏതാണ്?

(A. തു B. ത് C. ൽ D. ഉം)

129. നിയോജക പ്രകാരത്തിൻ്റെ പ്രത്യയം ഏതാണ്?

(A. അട്ടെ B. അണം C. ആം D. ഇതെല്ലാം )

130. ശാസനയുടെ രീതിയിൽ നിയോജകത്തിൻ്റെ അർഥം കുറിക്കുന്ന പ്രകാരമേതാണ്?

(A. അനുജ്ഞായകം B. വിധായകം C. നിർദ്ദേശകം D. നിയോജകം)

131. കർത്താവിനെ മറച്ചു പിടിച്ചിരിക്കുന്ന ക്രിയയ്ക്ക് പറയുന്ന പേരെന്താണ്?

(A. നിഗീർണകർത്ത്യകങ്ങൾ B.സകർമ്മകങ്ങൾ C. അകർമ്മകങ്ങൾ D. വിശിഷ്ട ക്രിയകൾ)

132.കാരകങ്ങളിൽ ഏറ്റവും പ്രധാനം ഏതു കാരകമാണ്?

(A. സ്വാമി B കർത്താവ് C കർമ്മം D. സാക്ഷി )

133. അ എന്ന നടുവിനയെച്ച പ്രത്യയം ചേർത്തുള്ള ധാതുരൂപത്തോട് പെട് ധാതുവിനെ അനുപ്രയോഗിച്ചാൽ ലഭിക്കുന്നതെന്ത്?

(A. കർമ്മണിപ്രയോഗം B. കർത്തരിപ്രയോഗം C. കർമ്മക്രിയ D.ഇതൊന്നുമല്ല)

134. ഒരു ക്രിയാധാതുവിനെ സഹായിക്കാനായി അതിനു തൊട്ടടുത്തു പരമായി പ്രയോഗിക്കുന്ന ക്രിയയാണ് ------ (പൂരിപ്പിക്കുക)

(A. അനുപ്രയോഗം B. പ്രാക് പ്രയോഗം C. കർത്തരിപ്രയോഗം D. കർമ്മണി പ്രയോഗം)

135. പ്രത്യയമായി അകാരം ഉപയോഗിക്കുന്ന സന്ദർഭം ഏതാണ്?

(A. പേരെച്ചത്തിൽ B. നപുംസക ബഹുവചനപ്രത്യയമായി C. നടുവിനയെച്ച പ്രത്യയമായി D. ഇവയെല്ലാം)

136. താഴെ കൊടുത്തിരിക്കുന്നവയിൽ അകർമ്മകക്രിയ ഏതാണ്? (A. കൊല്ലുക B. ചവിട്ടുക C.ഉറങ്ങുക D.വരുക )

137.എ്.ആർ.എത്ര അക്ഷരങ്ങളാണ് അക്ഷരമാലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്?

(A. 54 B.53. C.51 D. 52 )

138. 'മഴവില്ലു കണ്ടപ്പോൾ കുട്ടി ചിരിച്ചു ' എന്ന വാക്യത്തിലെ മഴവില്ലു കണ്ടപ്പോൾ എന്നത് എന്തുതരം വാക്യമാണ്?

(A. അംഗവാക്യം B. അംഗിവാക്യം C. പൂർണവാക്യം D. ആദ്യവാക്യം )

139. അനുജ്ഞായകപ്രകാരത്തിൻ്റെ പ്രത്യയം ഏതാണ്?

(A. അട്ടെ B. അണം C. ആം D. അ )

140. അനുനാസികം ഇല്ലാത്ത സന്ദർഭങ്ങളിൽ അനുനാസികം കടന്നു വരുന്ന പ്രവണതയാണ് ----- ( പൂരിപ്പിക്കുക)

(A. അനുനാസീകരണം B. അനുനാസികവൽക്കരണം C. അനു നാസികാതിപ്രസരം D. അനുനാസികസംസർഗം)

141. കളഞ്ഞുപോയി എന്നതിലെ അനുപ്രയോഗം ഏതാണ്?

(A. കളഞ്ഞു B. കളഞ്ഞുപോയി C. പോയി D. ഇതെല്ലാം )

142. അനുസ്വാരത്തിനോട് സ്വരം സന്ധിക്കുമ്പോൾ തെളിയുന്നതെന്താണ്? (A. മകാരം B. സ്വരം C. അനുനാസികം D. യകാരം)

143. എള്ളിൽ എണ്ണയിരിക്കുന്നു എന്തു തരം അധികരണമാണ്? (A.ഔപശ്ലേഷികം B. അഭിവ്യാപകം C. വൈഷയികം D.ഇതൊന്നുമല്ല )

144. ജോർജ് മാത്തൻ അർദ്ധാക്ഷരങ്ങൾ എന്ന് വിളിച്ചത് എന്തിനെയാണ്?

(A. മധ്യമങ്ങൾ B. ദ്രാവിഡ മധ്യമങ്ങൾ C. ചില്ലുകൾ D. ഇവയൊന്നുമല്ല )

145. അലുപ്തസമാസത്തിൽ ലോപിക്കാത്തത് എന്താണ്?

(A. ലിംഗം B. വചനം C. വിഭക്തി D. ഇവയെല്ലാം

146. വാക്യത്തിലെ പദങ്ങൾക്കു പരസ്പരമുള്ള ബന്ധത്തിന് പറയുന്ന പേരെന്താണ്?

(A. പൊരുത്തം B. ആകാംക്ഷ C. സംബന്ധം D. ഇതെല്ലാം )

147. സ്വതന്ത്രോച്ചാരണക്ഷമങ്ങളായ രണ്ടു സ്വരങ്ങൾ അടുത്തടുത്തു വരുമ്പോൾ ഉണ്ടാകുന്ന ഉച്ചാരണക്ലേശത്തിന് പറയുന്ന പേരെന്താണ്?

(A. സംഹിത B, വർണക്ലേശം C. പ്രതിസന്ധി D.വിസന്ധി)

148. മലയാളത്തിലെ സംബന്ധികാപ്രത്യയത്തിൻ്റെ പ്രാഗ്രൂപം ഏതാണ്?

(A. ഉടയ B. എൻ്റെ C. നിൻ്റെ D. ഉടെ)

149. ആധാരികാഭാസപ്രത്യയം ഏതാണ്?

(A. എ) B. ഏ C. ഇൽ D. കൽ)

150. ആറു നയങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?

(A. അനുനാസികാതിപ്രസരം B. അംഗഭംഗം C. അനുനാസികസംസർഗം D.ഖിലോപസംഗ്രഹം)

151. വക്കീലന്മാർ എന്ന പദത്തിലെ ഇടനില ഏതാണ്?

(A. അർ B.മാർ C. ന്മാർ D അൻ)

152. മലയാളഭാഷയുടെ വികാസത്തിൽ എത്ര ഘട്ടങ്ങളുണ്ടെന്നാണ് ഏ.ആർ. രാജ രാജവർമ്മ പറയുന്നത്?

(A. രണ്ട് B. നാല് C. മൂന്ന് D. അഞ്ച്)

153. നാമവും ക്രിയയും തമ്മിലുള്ള യോജന എന്താണെന്നാണ് ഏ. ആർ. പറയുന്നത്?

(A. കാരകം B. വിഭക്തി C. നാമക്രിയ D. ഇതൊന്നുമല്ല )

154. കാലപ്രത്യയമല്ലാത്തത് ഏതാണ്?

(A. ഉം B. ത് C.തു D. ഉന്നു)

155.കൃത്ത് എത്ര വിഭാഗമുണ്ട്?

(A. രണ്ട് B. മൂന്ന് C. നാല് D. അഞ്ച്)

156. കേരളപാണിനീയത്തിൻ്റെ പരിഷ്കരിച്ച പതിപ്പ് പുറത്തിറങ്ങിയ വർഷം ഏതാണ്?

(A. 1896 B. 1915 C. 1916 D. 1917).

157. ക്ലീബം എന്നാലെന്താണ്?

(A. ലിംഗഭേദം B. ക്ലേശമുള്ള ശബ്ദങ്ങൾ C. നപുംസകങ്ങൾ D. അലിംഗങ്ങൾ)

158. എല്ലാ കാലങ്ങളിലും രൂപമില്ലാത്ത ധാതുക്കൾക്ക് പറയുന്ന പേരെന്താണ്?

(A. ഖിലം B. ലോപധാതുക്കൾ C. ഖിലധാതുക്കൾ D. ഇതൊന്നുമല്ല )

159. ഊടെ എന്നത് ഏതു പദവിഭാഗ ത്തിൽ ഉൾപ്പെടുന്നു?

(A. ഗതി B. ഘടകം C. വ്യാക്ഷേപകം D. ദ്യോതകം )

160. വ്യാകരണനിഘണ്ടുരചിച്ചതാരാണ്?

( A. ഏ.ആർ.രാജരാജവർമ്മ B. ഇരിഞ്ചയം രവി C.എൻ.എൻ. മൂസ്സത് D സി.എൽ.ആൻറണി )

161. കൊല്ലവർഷാരംഭം മുതൽ 500 വരെയുള്ള കാലഘട്ടത്തെ എ.ആർ. വിശേഷിപ്പിക്കുന്നതെങ്ങനെയാണ്?

(A. കരിന്തമിഴ്കാലം B. മലയാണ്മക്കാലം C. മലയാളക്കാലം D. പഴന്തമിഴ്കാലം)

162. പദാന്തത്തിലോ സമാസദശയിലോ പ്രകൃതിപ്രത്യയയോഗത്തിലോ സ്വരയോഗം കൂടാതെ നിൽക്കാവുന്ന വ്യഞ്ജനങ്ങളാണ് ..... (പൂരിപ്പിക്കുക)

(A. മാധ്യമങ്ങൾ B. ചില്ലുകൾ C. ദ്രാവിഡമധ്യമങ്ങൾ D. ഇവയെല്ലാം)

163. വർത്സ്യത്തിന് മൗണ്യം എന്ന് പേരു നൽകിയ വൈയാകരണൻ ആരാണ്?

(A. എ.ആർ.രാജരാജവർമ്മ B. ഇരിഞ്ചയം രവി C.ജോർജ് മാത്തൻ D സി.എൽ.ആൻറണി )

164. നിർദ്ദേശികാ തൽപുരുഷൻ്റെ മറ്റൊരു പേരാണ് - - - - (പൂരിപ്പിക്കുക)

(A.കർമ്മധാരയൻ B ബഹുവ്രീഹി C. ദ്വന്ദ്വസമാസം D. ഇതൊന്നുമല്ല )

165. തമിഴ്ലിപിയിൽ എത്ര സ്വരങ്ങളുണ്ട്? (A. 18 B.13 C. 15 D.12)

166. ദ്രാവിഡാനുനാസികം എന്നറിയപ്പെടുന്നതേത്?

(A. വർത്സ്യനകാരം B. ദന്ത്യനകാരം C. ഓഷ്ഠ്യാനുനാസികം D. ഇവയൊന്നുമല്ല )

167. മധ്യമങ്ങളിൽ ഉൾപ്പെടാത്ത വർണം ഏതാണ്?

(A. യ B. ള C. ഹ D ഇവയെല്ലാം )

168. പവർഗത്തിലെ മൃദു ഏതാണ്?

(A. പ B .ബ C. ഭ D. ഫ)

169. ബഹുവചനം എത്ര വിഭാഗമുണ്ട്?

(A. മൂന്ന് B. രണ്ട് C. നാല് D-അഞ്ച്)

170. നാന്മുഖൻ സമാസം ഏതാണ്?

(A. കർമ്മധാരയൻ B. ദ്വന്ദ്വസമാസം C. ഉപമിത സമാസം D. ബഹുവ്രീഹി )

171. എ.ആർ.രാജരാജവർമ്മ ഭേദകങ്ങൾക്ക് എത്ര വിഭാഗങ്ങൾ കല്പിക്കുന്നുണ്ട്?

(A. രണ്ട് B. അഞ്ച് C. ഏഴ് D .ആറ്)

172. സാധിച്ചു കൊള്ളാം ഇത് ഏതു വിഭാഗം അനുപ്രയോഗമാണ്?

(A. ഭേദകാനുപ്രയോഗം B. കാലാനുപ്രയോഗം C .പൂരണാനുപ്രയോഗം D. ഇവയൊന്നുമല്ല )

173. വിഭക്തിക്കുറി കൂടാത്ത പദയോഗത്തിന് പറയുന്ന പേരെന്താണ്?

(A. സന്ധി B. സംഹിത C. സംയോഗം D. സമാസം)

174. കൈകാലുകൾ - ഇതിലെ സമാസമേ താണ്?

( A. ദ്വന്ദ്വസമാസം B കർമ്മധാരയൻ C. ഉപമിത സമാസം D. ബഹുവ്രീഹി )

175. മണിപ്രവാളലക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകം ഏതാണ്?

(A. കേരളകൗമുദി B.ലീലാതിലകം C. ഭാഷാഭൂഷണം D.പാണിനീയം )

176. മലയാണ്മയുമായി ബന്ധമില്ലാത്ത ലിപി ഏതാണ്?

(A. ആര്യം B.കോലെഴുത്ത് C. ദേവനാഗരി D.വട്ടെഴുത്ത് )

177. ഒന്നിലധികം അംഗിവാക്യങ്ങളുള്ള വാക്യത്തിന് പറയുന്ന പേരെന്താണ്?

(A. ചൂർണിക B. മഹാവാക്യം C. ലഘുവാക്യം D. സങ്കീർണവാക്യം)

178. ജനലിലൂടെ ചാടി എന്നത് എന്തിൻ്റെ ഉദാഹരണമാണ്?

(A. മിശ്രവിഭക്തി B. ഗതിവിഭക്തി C. സമാസവിഭക്തി D. ഇവയൊന്നുമല്ല )

179. മുൻവിനയെച്ചത്തിന് ഉദാഹരണമേതാണ്?

(A. ഇരിക്കെക്കണ്ടു B. ചാടി വീണു C. കണ്ടാൽപ്പറയാം D. കാണവേണം)

180. തമിഴ് വ്യാകരണത്തിൽ മെയ്യ് എന്ന് വിളിക്കുന്നത് എന്തിനെയാണ്?

(A. വ്യഞ്ജനം B. സ്വരം C. ചില്ലുകൾ D. ഇവയൊന്നുമല്ല)

181. അടിമലർ സമാസമേതാണ്?

(A. ദ്വന്ദ്വസമാസം B  കർമ്മധാരയൻ C. ഉപമിതസമാസം D. ബഹുവ്രീഹി )

182. തണുപ്പുണ്ട് എന്നതിലെ സന്ധി ഏതാണ്?

(A. ആദേശസന്ധി B .ആഗമ സന്ധി C.ലോപസന്ധി D. ദ്വിത്വ സന്ധി)

183. ഏകവചനത്തെ കുറിക്കാൻ മലയാളഭാഷയിൽ പ്രത്യയമില്ല. ശരിയോ?

(A. ശരിയല്ല B. ഭാഗികമായി ശരി C. പറയാനാകില്ല D. ശരി)

184. മലയാളവ്യാകരണസമീക്ഷ എഴുതിയതാരാണ്?

(A. കെ.എം.പ്രഭാകര വാര്യർ B.എൻ.എൻ.മൂസ്സത് C.സി.എൽ.ആൻ്റണി D. ഇവരാരുമല്ല)

185. പൂർവകേരളഭാഷയുടെ കർത്താവാരാണ്?

(A.കെ.എം.പ്രഭാകര വാര്യർ B.എൻ.എൻ.മൂസ്സത് C.സി.എൽ.ആൻ്റണി D. ഇവരാരുമല്ല)

186 .വിധായകപ്രകാരത്തിൻ്റെ പ്രത്യയം ഏതാണ്?

(A. അണം B. അട്ടെ C. ആം D. ധാതു )

187. എത്രതരം വിനയെച്ചങ്ങളുണ്ട്?

(A. മൂന്ന് B. അഞ്ച് C. നാല് D. രണ്ട് )

188. ഉയർന്ന സ്ഥാനത്ത് ഉച്ചരിക്കുന്ന ഒരു വർണം താഴ്ന്ന സ്ഥാനത്തേക്ക് മാറുന്ന പ്രവണതയാണ് ----- (പൂരിപ്പിക്കുക)

(A ഉന്നാമം B. വിവർത്തനപ്രക്രിയ C.സ്ഥാനമാറ്റക്രിയ D. വിനാമം)

189. പ്രയോജികയുടെ പ്രത്യയം ഏതാണ്?

( A. എ B. ഒട് C. ആൽ D. ഇൽ )

190. വിരാമങ്ങൾക്ക് ഉദാഹരണമേതാണ്?

(A. ഖ B.സ C. ള D. യ)

191.  പദങ്ങൾ പിരിഞ്ഞു നിന്നുണ്ടാകുന്ന സമാസങ്ങൾ ഏതാണ്?

(A. വ്യവഹിത സമാസം B കർമ്മധാരയൻ C. ഉപമിത സമാസം D. ബഹുവ്രീഹി )

192. ശബ്ദന്യൂനം എന്ന് ഗുണ്ടർട്ടും ശേഷഗിരിപ്രഭുവും വിളിക്കുന്നത് എന്തിനെയാണ്?

(A. വിനയെച്ചം B . കാരിതം C. അകാരിതം D. പേരെച്ചം)

193. ശിഥിലവർണങ്ങൾക്ക് ഉദാഹരണമേതാണ്?

(A. ക B. സ C.യ D. മ )

194. ചെറു ഏതു വിഭാഗം ഭേദകമാണ്?

(A. വിഭാവകം B. ശുദ്ധം C.സാംഖ്യം D. ഇവയൊന്നുമല്ല )

195. മൂ ഏതു വിഭാഗം ഭേദകമാണ്?

A. സാംഖ്യം B. ശുദ്ധം C. വിഭാവകം D. ഇവയൊന്നുമല്ല )

196. ഭാഷാവലോകനം രചിച്ചതാരാണ്?

(A. കെ.എം.പ്രഭാകരവാര്യർ B. എൻ.എൻ.മൂസ്സത് C. സി.എൽ.ആൻ്റണി D. ഇവരാരുമല്ല)

197. കൈരളീ ശബ്ദാനുശാസനത്തിൻ്റെ കർത്താവാരാണ്?

(A.കെ.എം.പ്രഭാകര വാര്യർ B.കെ. സുകുമാരപിള്ള C.സി.എൽ.ആൻ്റണി D. ഇവരാരുമല്ല)

198. പേരെച്ചത്തിന് ഉദാഹരണമേതാണ്?

(A. വിടർന്ന B. വന്നു പോയി C. പോകാൻ D. ഇരിക്കെ )

199. ഘോഷവർണം ഏതാണ്?

(A. ഘ B. സ C. ള D. ഹ)

200. പരിമാണം എന്ന ശ്രുതിഭേദോപാധി മൂലം ഉണ്ടാകുന്ന വർണങ്ങളേവ?

(A. അനുനാസികങ്ങൾ B. ഖരാതിഖരങ്ങൾ C. ഹ്രസ്വദീർഘഭേദങ്ങൾ D. ഇവയെല്ലാം )

ബി.എ). മലയാളം

സെമസ്റ്റർ 6 കോർ കോഴ്സ്

കോഴ്സ് കോഡ്:ML6CRT12.

ഉത്തരസൂചിക

1 B
2 A
3 D.
4 B.
5 B.
6 B.
7 A.
8 A
9 A
10 C
11. A.
12. B.
I3. A.
14. D.
15. A.
16. B.
I7. D.
I8. B.
I9. C.
20. B.
21. A.
22. C.
23. D
24. C.
25. B.
26. D.
27 A.
28. C
29. A.
30 B.
31. C

32. B.
33. D.
34. C.
35. D.
36. C.
37. B
38. C.
39. A
40. A
41. B.
42. C.
43 A.
44. D.
45. B.
46. C.
47. B.
48. D.
49 A.
50. B
51. B.
52. C
53. C
54 D.
55 B.
56. C.
57. D.
58. C.
59 C.
60. B.
61. D.
62. A
63. C.
64. A.
65. D.
66. D.
67. B.
68. B.
69. C
70. B.

71.C.
72.B.
73. C.
74 A.
75. C.
76. B.
77.A
78 D.
79. B.
80. B.
81.C
82. A.
83. B.
84. A.
85. D.
86. A.
87. D.
88. B.
89. C
90. D.
91. B.
92. C
93. B.
94. C
95. A.
96. D.
97. A.
98 .C.
99. C.
100. B.
101. A. 102.
D. 103. A
104. D. 105.
B. 106. A
107. B
108. C
109. A. 110.
D 111.
A 112. D

113. A.
114.
C
115. C.
116 .C.
117.
D
118.
B
119. C
120. A
121. B.
122. B
123. A
124. B
125. D.
126. A
127. B
128. D.
129. A
130. B.
131. A
132. B.
133. A.
134. A
135. D
136. c.
137. B
138. A
139. C
140. D
141. C
142. A
143. B
144. C
145. D
146. B

147. D

148. A

149. B

150. C

151. D

152. C

153. A

154. B

155. A

156. D

157. C

158. C

159. A

160. B

161 .A

162. B

163. C

164. A

165. D

166. A

167. C

168. B

169. A

I70. D

171. C

172. A

I73. D

174. A

175. B

176. C

177. B

178. A

179 .B

180. A

181. B

182. C

183. D

184. A

185. A

186. A

187. B

188. D

189. C

190. A

191. A

192. D

193. C

194. B

195. A

196. A

197. B

198. A

199. A

200. C